# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3677　　　17.10.2011 – ൽ മറുപടിക്ക്

## ജലവിതരണ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പാലോട് രവി<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജലവിതരണ പദ്ധതി-കൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പു മന്ത്രി സംസ്ഥാനത്ത് ഉടനീളം എല്ലാ ജില്ലകളിലും അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. ഈ യോഗ ങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന തിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി കളിൽ കേരള വാട്ടർ അതോറിറ്റിയുടെ 12 പദ്ധതികൾ ഉൾപ്പെടുത്തി പൂർത്തീകരിക്കുക യുണ്ടായി. തുടർ പദ്ധതികൾ 2011-12 കാലയള-വിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ദീർഘകാലമായി തുടർന്നുവരുന്ന നഗരജലവിതരണ പദ്ധതികൾ ഉടൻ പൂർത്തിയാക്കുമോ; | (ബി) കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും വിവിധ കാരണങ്ങൾ മൂലം മന്ദഗതിയിലായതു മായ നഗരജല വിതരണപദ്ധതികളുടെ നിർ-മ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തി-യാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | ഗ്രാമീണ ശുദ്ധജലവികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി എടുക്കുമോ? | (സി) ഗ്രാമീണ ശുദ്ധജലവികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

8